# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *340 – 13/12/2018 -ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിന് ക്രൗഡ് ഫണ്ടിംഗ്

ചോദ്യം | ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
ശ്രീ. എ.പി. അനിൽ കുമാർ
ശ്രീ. അനിൽ അക്കര
ശ്രീ. വി.പി.സജീന്ദ്രൻ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | പ്രളയം തകർത്ത സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിന് ക്രൗഡ് ഫണ്ടിംഗ് ആവിഷ്ക്കരിച്ചിട്ടുണ്ടോ; | സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്ക ദുരിതത്തിന്റെ പശ്ചാത്തലത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും/ സ്പോൺസർ ചെയ്യുന്നതിനും, കേടുപാടുകൾ പറ്റിയ വീടുകൾ, പൊതു അടിസ്ഥാന സൗകര്യങ്ങൾ, ടൗൺഷിപ്പുകൾ തുടങ്ങിയവ പുനർനിർമ്മിക്കുന്നതിനും വിവിധ കമ്പനികൾ, ഗ്രൂപ്പുകൾ, വ്യക്തികൾ തുടങ്ങിയവരിൽ നിന്നും ശുപാർശകൾ ലഭിച്ചു വരുന്നുണ്ട്. ഈ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് വ്യക്തികൾ, വ്യക്തിഗ്രൂപ്പുകൾ, സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ, വിദേശികൾ, എൻ.ആർ.ഐ-കൾ തുടങ്ങിയവരിലൂടെ പുനർനിർമ്മാണ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരു ക്രൗഡ്ഫണ്ടിംഗ് മോഡൽ കെ.പി.എം.ജി തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ ഒരു ക്രൗഡ്ഫണ്ടിംഗ് പോർട്ടൽ സർക്കാർ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടൽ വഴി വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ, മറ്റ് കൂട്ടായ്മകൾക്കോ വിവിധ ജില്ലകളിലെ വിവിധ വില്ലേജുകളിൽപ്പെട്ട പുനർനിർമ്മാണ സംരംഭങ്ങൾ തെരഞ്ഞെടുത്ത് സംഭാവനകൾ നൽകാവുന്നതാണ്. സർക്കാർ വകുപ്പുകളും സർക്കാർ അംഗീകൃത ഏജൻസികളും നടപ്പിലാക്കുന്ന ഇത്തരം പദ്ധതികളുടെ വിശദാംശങ്ങൾ ക്രൗഡ്ഫണ്ടിംഗ് പോർട്ടലിൽ ലഭ്യമാണ്. സർക്കാർ വകുപ്പുകൾ / അംഗീകൃത |
| ബി | തകർന്ന മേഖലകളുടെ പുനർനിർമ്മാണത്തിനും പുനരധിവാസ പദ്ധതികൾക്ക് സംഭാവന നൽകുന്നതിനുമുള്ള വെബ് പോർട്ടൽ പ്രവർത്തനക്ഷമമായിട്ടുണ്ടോ; | |
| സി | വിവിധ വകുപ്പുകളും ഏജൻസികളും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം പോർട്ടലിൽ നൽകിയിട്ടുണ്ടോ; | |
| ഡി | വിവിധ പുനർനിർമ്മാണ പദ്ധതികളുടെ നടത്തിപ്പ് ചുമതല ഏതൊക്കെ ഏജൻസികളെയാണ് ഏൽപ്പിക്കുന്നത്; പ്രസ്തുത ഏജൻസികളുടെ വിശ്വാസ്യത ഉറപ്പാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ? | |

| | | |
|---|---|---|
| | | ഏജൻസികൾ പോർട്ടലിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതനുസരിച്ച് പദ്ധതിയുടെ ഒരോ ഘട്ടത്തിലും സ്വീകരിച്ച തുകയും പദ്ധതിയുടെ പുരോഗതിയും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നേരിട്ട് നിരീക്ഷിക്കുവാൻ കഴിയുന്നതാണ്.<br>പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനുള്ള പാർട്ട്ണർ കൺസൽട്ടന്റായി കെ.പി.എം.ജി. ഇൻ ഇൻഡ്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ക്രൗഡ്ഫണ്ടിംഗിനു കീഴിൽ വിവിധ പുനർനിർമ്മാണ പദ്ധതികളുടെ നടത്തിപ്പിനുള്ള ഏജൻസികളെ അവയുടെ വിശ്വാസ്യതയുടെയും ഉത്തരവാദിത്വത്തിന്റെയും അടിസ്ഥാനത്തിൽ ബി.എം.റ്റി.പി.സി. (ബിൽഡിംഗ് മെറ്റീരിയൽ ടെക്നോളജി പ്രൊമോഷൻ സെൽ ഓഫ് ഗവൺമെന്റ് ഓഫ് ഇൻഡ്യ) മുഖേന തെരഞ്ഞെടുത്ത് അത്തരം ഏജൻസികൾക്ക് പദ്ധതിയുടെ നടത്തിപ്പ് ചുമതല ഏൽപ്പിച്ച് നൽകുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. |

**സെക്ഷൻ ഓഫീസർ**